**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 457** **24-08-2022 - ൽ മറുപടിയ്ക്ക്**

**ആറ്റിങ്ങൽ നിയോജക മണ്ഡലത്തിലെ കിഫ്ബി പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ഒ എസ് അംബിക | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കിഫ്ബി പദ്ധതി പ്രകാരം ആറ്റിങ്ങൽ നിയോജക മണ്ഡലത്തിലെ വക്കം-മങ്കുഴി മാർക്കറ്റ്, നിലയ്ക്കാമുക്ക് മാർക്കറ്റ്, കിളിമാനൂർ പുതിയകാവ് മാർക്കറ്റ് എന്നിവയുടെ നവീകരണവുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ? | (എ) | കിഫ്ബി പദ്ധതി പ്രകാരം ആറ്റിങ്ങൽ നിയോജക മണ്ഡലത്തിലെ വക്കം മത്സ്യമാർക്കറ്റിന്റെ നവീകരണത്തിനായി 04-09-2021-ലെ FSH003-05/APR-3/2021/KIIFB നമ്പർ ഉത്തരവു പ്രകാരം 1,67,90,824/- രൂപയുടെ ധനാനുമതി നൽകുകയും തുടർന്ന്, ഡി.എസ്.ആർ 2018 പ്രകാരം എസ്.പി.വി ആയ കേരള തീരദേശ വികസന കോർപ്പറേഷൻ സമർപ്പിച്ച റിവിഷൻ പ്രൊപ്പോസൽ കിഫ്ബി പരിശോധിച്ച ശേഷം 08-02-2022-ലെ FSH003-05/APR-4/2022/KIIFB നമ്പർ ഉത്തരവു പ്രകാരം 1,95,78,643/- രൂപയുടെ പുതുക്കിയ ധനാനുമതി നൽകുകയും ചെയ്തു. കൂടാതെ, നിലയ്ക്കാമുക്ക് മത്സ്യമാർക്കറ്റിന്റെ നവീകരണത്തിനായി 09-04-2021-ലെ FSH003-04/PE-4-PAD/2021/KIIFB നമ്പർ ഉത്തരവു പ്രകാരം 1,34,91,832/- രൂപയുടെ ധനാനുമതി നൽകുകയും തുടർന്ന്, ഡി.എസ്.ആർ 2018 പ്രകാരം കെ.എസ്.സി.എ.ഡി.സി സമർപ്പിച്ച റിവിഷൻ പ്രൊപ്പോസൽ കിഫ്ബി പരിശോധിച്ച ശേഷം 08-02-2022-ലെ FSH003-04/APR-4/2022/KIIFB നമ്പർ ഉത്തരവു പ്രകാരം 1,55,28,200/- രൂപയുടെ പുതുക്കിയ ധനാനുമതി നൽകുകയും ചെയ്തു. മത്സ്യബന്ധന വകുപ്പ് പുറപ്പെടുവിച്ച ഭരണാനുമതിയിൽ 'കിളിമാനൂർ പുതിയകാവ് മത്സ്യമാർക്കറ്റ്' കിഫ്ബി പദ്ധതിയായി കാണുന്നില്ല.<br>കിഫ്ബി മുഖേന നടപ്പിലാക്കുന്ന മത്സ്യ മാർക്കറ്റ് നവീകരണ പദ്ധതി വരുമാനം ലഭ്യമാകുന്ന പദ്ധതിയായി കണക്കാക്കിയിരുന്നതിനാൽ, 12 വർഷത്തെ കാലാവധിയും 5 ശതമാനം പലിശയും ഉൾപ്പെടെയുള്ള തിരിച്ചടവു വ്യവസ്ഥ ബാധകമാക്കിയിരുന്നു. എന്നാൽ, ബഹു.എം.എൽ.എ-മാർ, വിവിധ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ കെ.എസ്.സി.എ.ഡി.സി, എന്നിവർ |

| | | | |
|---|---|---|---|
| | | | സമർപ്പിച്ച അഭ്യർത്ഥനകൾ കിഫ്ബിയിൽ പരിശോധിക്കുകയും കിഫ്ബി ധനസഹായം ലോണിനു പകരം ഗ്രാന്റായി അനുവദിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട് . |

സെക്ഷൻ ഓഫീസർ